**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**പത്രക്കുറിപ്പ്**

**കീം-2021**
**ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള പ്രവേശനം-2021**
**സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ്**
**അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

2021 വർഷത്തെ ബി.ഡി.എസ് കോഴ്സിൽ മോപ് അപ് അലോട്ട്മെന്റിനുശേഷം നിലവിലുണ്ടായിരുന്ന ഒഴിവുകൾ നികത്തുന്നതിനായി നടത്തിയ സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന്റെ അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് പ്രവേശന പരീക്ഷാ പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്നവെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. 06.05.2022 ന് പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായാണ് സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുമായ തുക (ബാധകമെങ്കിൽ) **2022 മെയ് 12** മുതൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് (പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്) മുഖാന്തിരമോ ഒടുക്കാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും **12.05.2022 മുതൽ 13.05.2022, ഉച്ചയ്ക്ക് 2.00 മണിക്ക്** മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്.

സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന് ശേഷം ബി.ഡി.എസ് കോഴ്സിൽ നിലനിൽക്കുന്ന ഒഴിവുകൾ കോളേജ് തലത്തിൽ നടത്തുന്ന സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ നികത്തുന്നതാണ്. സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം വെബ്സൈറ്റിലുള്ളത് കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.05.11 20:47:12 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**11/05/2022**